**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4258** **28-10-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി മേഖലയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. ജെ. വിനോദ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിലെ ഉല്പാദനരീതികളുടെ നവീകരണവും ഉല്പാദന വൈവിധ്യവും ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ ഉല്പാദന രീതികളുടെ നവീകരണവും ഉൽപ്പാദന വൈവിധ്യവും ഉറപ്പ് വരുത്തുന്നതിനായി "ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ 6 ഘടകങ്ങൾക്കായി ഫണ്ട് അനുവദിച്ച് വരുന്നു. 1) സംഘങ്ങൾ / വ്യക്തിഗത വർക്ക്ഷെഡ് നവീകരണം 2)ഡൈ ഹൗസ് റിപ്പയറിംഗ് 3) "ഒരു വീട്ടിൽ ഒരു തറി" പദ്ധതി 4)"ടെക്നോളജി അപ്ഗ്രഡേഷൻ ആന്റ് ട്രാൻസ്ഫർ ഓഫ് ന്യൂ ടെക്നോളജി" പദ്ധതി 5) തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങലും യന്ത്രത്തറികളുടെ റിപ്പയറിംഗും 6) റെസ്റ്റ് റൂം - സ്റ്റോറേജ് നിർമ്മാണവും ടോയ്‌ലറ്റ് നവീകരണവും കൈത്തറി മേഖലയിലെ ഉൽപ്പാദന രീതികളുടെ നവീകരണത്തിന്റെ ഭാഗമായി കൈത്തറി നെയ്ത്ത് അനുബന്ധ പ്രവർത്തികളിൽ യന്ത്രവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറി തുണിത്തരങ്ങളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനൊപ്പം ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഇത് സഹായകരമായിട്ടുണ്ട്. ഹാൻവീവ് കമ്പ്യൂട്ടറൈസ്ഡ് ഡിസൈനിംഗ് സ്റ്റുഡിയോയുടെ സഹായത്തോടുകൂടി ആകർഷകമായ ഡിസൈനുകളിലുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തി വരുന്നുണ്ട്. ഉപഭോക്താക്കളുടെ നിലവിലെ ആവശ്യങ്ങൾക്കനുസരിച്ച് വൈവിധ്യവത്ക്കരണവും വിപണിയുടെ ആവശ്യത്തിനനുസരിച്ച് ഉത്പാദനരീതികളുടെ നവീകരണവും "കൈത്തറി സുരക്ഷാ പദ്ധതി" പ്രകാരം നടപ്പിലാക്കി വരുന്നു. |
| (ബി) | കേരള ഹാന്റ്‌ലൂമിനെ പൊതു ബ്രാന്റിന്റെ കീഴിൽ | (ബി) | രള ഹാന്റ്‌ലൂമിനെ പൊതു ബ്രാന്റിംഗിന്റെ കീഴിൽ |

| | | | |
|---|---|---|---|
| | കൊണ്ടുവരുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ; | | കൊണ്ടുവരുവാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. 2023 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കേരള കൈത്തറികൾക്ക് ഓൺലൈൻ വിപണനം അടക്കമുള്ള നൂതന വിപണന മാർഗ്ഗങ്ങൾ സ്വീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രീയൽ പ്രൊമോഷൻ (K-bip) മുഖേന ഓൺലൈൻ വ്യാപാരത്തിനായി രൂപീകരിച്ച കേരള ഇ-മാർക്കറ്റ് പോർട്ടലിലൂടെ (www.keralaemarket.com / www.keralae-market.org / www.keralaemarket.kerala.gov.in) കൈത്തറി ഉത്പാദകർക്ക് ദേശീയ അന്തർ ദേശീയ കമ്പനികളുമായി ബന്ധപ്പെടുന്നതിനും വ്യാപാര ചർച്ചകൾ നടത്തുന്നതിനും അതുവഴി വിപണനം സാധ്യമാക്കുന്നതിനും കഴിയുന്നതാണ്. ഹാന്റക്സ് Amazon.in വഴി ഓൺലൈൻ വിപണനം നടത്തി വരുന്നുണ്ട്. |
| (ഡി) | കൈത്തറി മേഖലയ്ക്ക് ആവശ്യമായ കഴിനൂൽ ഉല്പാദനം ഏതൊക്കെ മില്ലുകളിലാണ് നടത്തുന്നതെന്ന് അറിയിക്കാമോ; സംസ്ഥാനത്ത് ആവശ്യമായ നൂൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നതിന് സാധിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിലും, കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിലുമാണ് കഴിനൂൽ ഉത്പാദിപ്പിക്കുന്നത്. ആലപ്പി സഹകരണ സ്പിന്നിംഗ് മില്ലിൽ 60 കൗണ്ടിലുള്ള സിംഗിൾ കഴിനൂൽ, ഡബിൾ കഴിനൂൽ എന്നിവ യഥാക്രമം 75,000 ഉം 1,50,000ഉം കിലോയോളവും കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ 1,50,000 കിലോയോളവും കഴിനൂൽ പ്രതിവർഷം ഉല്പാദിപ്പിക്കാൻ സാധിക്കും. ആവശ്യകതയ്ക്ക് ആനുപാതികമായി കഴിനൂൽ ഉൽപാദിപ്പിച്ച് നൽകുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ